പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1075

12-06-2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഉന്നത വിദ്യാഭ്യാസ വകുപ്പിലെ നടപ്പിലാക്കാൻ കഴിയാതെപോയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരംകരീം : | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ പോയത് എന്നറിയിക്കാമോ; | എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.<br>1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഐ.ഐ.റ്റി., കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നീ പദ്ധതികളും.<br>2. ഐ.എച്ച്.ആർ.ഡി യുടെ ആസ്ഥാനമന്ദിര നിർമ്മാണം, അക്കാദമിക് സ്റ്റാഫ് കോളേജുകളിൽ നൽകിവരുന്ന ട്രെയിനിംഗ് സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്നിവ ആരംഭിച്ചിരുന്നില്ല.<br>3. ചരിത്ര ഗവേഷണ കൌൺസിലിനെ സംബന്ധിച്ച് പട്ടണം പുരാവസ്തു ഗവേഷണവുമായി ബന്ധപ്പെട്ട് കൂടുതൽ സ്ഥലങ്ങൾ വാങ്ങി സംരക്ഷിക്കുന്ന പദ്ധതിയും കൌൺസിലിന് ക്യാമ്പസ് രൂപപ്പെടുത്തുന്ന പദ്ധതിയും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.<br>4. ഉന്നത വിദ്യാഭ്യാസ കൌൺസിലുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൌൺസിൽ, കോളേജുകൾക്ക് ഓട്ടോണമസ് പദവി, ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ എന്നീ |

| | |
|---|---|
| | പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.<br>5. കോഴിക്കോട് ലോ കോളേജിന് അനുവദിച്ച വീഡിയോ കോൺഫറൻസിംഗ് റൂം സ്ഥാപിക്കാൻ സാധിച്ചിട്ടില്ല.<br>6. സി.സി.ഇ.കെ യുടെ നിയന്ത്രണത്തിലുള്ള ഐ.സി.എസ്.ആർ പൊന്നാനിയുടെ കെട്ടിട നിർമ്മാണം നടപ്പിലാക്കാൻ സാധിച്ചില്ല. |
| ബി) പ്രസ്തുത പദ്ധതികൾക്കുള്ള തുക ബജറ്റിൽ വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്; | ബി) ബജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഐ.ഐ.റ്റിയ്ക്കായി ഒരുലക്ഷം രൂപ ടോക്കൺ സംഖ്യയും.<br>2. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്കായി 150 ലക്ഷം രൂപ.<br>3. ഐ.എച്ച്.ആർ.ഡി യുടെ ആസ്ഥാനമന്ദിര നിർമ്മാണം, അക്കാദമിക് സ്റ്റാഫ് കോളേജുകളിൽ നൽകിവരുന്ന ട്രെയിനിംഗ് എന്നീ പദ്ധതികൾക്കായി 12 കോടി രൂപ.<br>4. ചരിത്ര ഗവേഷണ കൗൺസിലിനെ സംബന്ധിച്ച് പട്ടണം പുരാവസ്തു ഗവേഷണവുമായി ബന്ധപ്പെട്ട് കൂടുതൽ സ്ഥലങ്ങൾ വാങ്ങി സംരക്ഷിക്കുന്ന പദ്ധതിയും കൗൺസിലിന് ക്യാമ്പസ് രൂപപ്പെടുത്തുക എന്നീ പദ്ധതികൾക്കായി ബജറ്റിൽ 3,28,66,000 രൂപ വകയിരുത്തിയിരുന്നു.<br>5. സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ - 50 ലക്ഷം, ഓട്ടോണമി - 15 കോടി, ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ - 1 കോടി.<br>6. കോഴിക്കോട് ലോ കോളേജിൽ വീഡിയോ കോൺഫറൻസിംഗ് റൂം |

| | |
|---|---|
| | സ്ഥാപിക്കുന്നതിനായി 13,06,304 രൂപ അനുവദിച്ചിരുന്നു.<br>7. ഐ.സി.എസ്.ആർ പൊന്നാനിയുടെ കെട്ടിട നിർമ്മാണത്തിനായ് 100 ലക്ഷം രൂപ ആർ.ഐ.ഡി.എഫ് സ്കീമിന്റെ കീഴിൽ ഉൾപ്പെടുത്തിയിരുന്നു. |
| സി) പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ? | സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം ചുവടെ ചേർക്കുന്നു.<br>1. ഐ.ഐ.റ്റി തുടങ്ങുന്നതിനാവശ്യമായ കേന്ദ്രഗവൺമെന്റിന്റെ നയപരമായ തീരുമാനം ലഭിച്ചിട്ടില്ലാത്തതിനാലും കേരളാ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ആക്റ്റിന് സർക്കാർ അംഗീകാരം ലഭിക്കാതിരുന്നതിനാലും.<br>2. അക്കാദമിക് സ്റ്റാഫ് കോളേജുകളിൽ നൽകിവരുന്ന ട്രെയ്നിംഗ്, ഹെഡ് ഓഫീസ് കെട്ടിട നിർമ്മാണം എന്നിവ സാമ്പത്തിക കമ്മിമൂലവും, നടപ്പിലാക്കിയില്ല. സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ 2-ാം ഘട്ടം നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>3. ചരിത്ര ഗവേഷണ കൗൺസിലിന് മുൻ വർഷങ്ങളിൽ അനുവദിച്ച പദ്ധതിവിഹിത തുക വിനിയോഗിക്കാതിരുന്ന സാഹചര്യത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതം നൽകാതിരുന്നതിനാലുമാണ് നടപ്പിലാക്കാൻ സാധിക്കാതിരുന്നത്.<br>4. സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരിക്കാൻ സാധിക്കാത്തതിനാലും, ഫാക്കൽറ്റി ട്രെയ്നിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി ഗവേണിംഗ് ബോഡിയെ നിയമിച്ചിട്ടില്ലാത്തതിനാലും ഈ പദ്ധതി |

| | |
|---|---|
| | നടപ്പിലാക്കാൻ സാധിച്ചിട്ടില്ല കൂടാതെ ഓട്ടോണമസ് പദവി അനുവദിക്കുന്നതിന് യൂണിവഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ തീരുമാനം ലഭിക്കാത്തതിനാലും ഈ പദ്ധതി നടപ്പിൽ വരുത്താൻ സാധിച്ചിട്ടില്ല.<br>5. കോഴിക്കോട് ലോ കോളേജിന് 01-06-2013 ൽ വിവിധ പദ്ധതികൾക്കായി ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഭരണാനുമതി നൽകിയ പദ്ധതികളെക്കാൾ പ്രാധാന്യം വീഡിയോ കോൺഫറൻസിംഗ് റൂം സജ്ജീകരിക്കേണ്ടതായതിനാൽ, ഭരണാനുമതി ലഭിച്ച പദ്ധതികളുടെ തുക വകമാറ്റി വീഡിയോ കോൺഫറൻസിംഗ് റൂം സജ്ജീകരിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുകയും, അപ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയത് കഴിഞ്ഞ സാമ്പത്തിക വർഷത്തെ അവസാനത്തിലാണ്. ഈ സാഹചര്യത്തിലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതെയിരുന്നത്.<br>6. ഐ.സി.എസ്.ആർ പൊന്നാനിയുടെ കെട്ടിട നിർമ്മാണത്തിനായ് അനുവദിച്ച ആർ.ഐ.ഡി.എഫ് ഫണ്ട് ലഭ്യമാകാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. |

സെക്ഷൻ ഓഫീസർ